LIBRARY ARCHIVES Kerala Legislative Assembly

സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷൻ

204 (205) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കംഴകോണക്കേസിൽ സർക്കാർ നിശ്ചയിച്ച ജുഡീഷ്യൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നെന്ന് വെളിപ്പെടുത്താമോ ;

(ബി) ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ ജുഡീഷ്യൽ കമ്മീഷൻ സർക്കാർ നിർദ്ദേശിച്ച കാര്യങ്ങൾക്ക് പുറമെ മറ്റ് ഏതെങ്കിലും വിഷയം അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) സോളാർ തട്ടിപ്പുകേസിൽ സർക്കാർ നിയമിച്ച ജസ്റ്റിസ് ജി.ശിവരാജൻ അന്വേഷണ കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച് കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധം - I ആയി* ചേർത്തിരിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

അനധികൃത കരിമണൽ കടത്ത്

205 (206) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും തമിഴ്നാട് ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കരിമണൽ കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം മാർഗ്ഗങ്ങൾ മുഖേനയാണ് കരിമണൽ കടത്തുന്നതെന്ന് അറിയാൻ സാധിച്ചിട്ടുണ്ടോ ; മത്സ്യബന്ധന ബോട്ടുകളിൽ കരിമണൽ കടത്തുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് നിയമവിരുദ്ധമായി കരിമണൽ കടത്തിയത് സംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ